## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4589      21.03.2018 — ൽ മറുപടിക്ക്

# ഇ-പോസ് സംവിധാനം പൂർത്തീകരിച്ച ജില്ലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീൻ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | ഇല്ല. കൊല്ലം ജില്ലയിലെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 ഏപ്രിൽ മാസത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഏപ്രിൽ മുതൽ ഭക്ഷ്യ ധാന്യവിതരണം ഇ-പോസ് വഴിയാകുമ്പോൾ ഇനിയും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്ത കടകളിലെ റേഷൻ വിതരണം മുടങ്ങും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്ത കടകളിൽ മുൻപത്തെ രീതിയിൽ റേഷൻ വിതരണം നടക്കുന്നതാണ്. ഒരു കാരണവശാലും റേഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാകില്ല. |
| (സി) | ഇപോസ് സംവിധാനം ഏർപ്പെടുത്തുമ്പോൾ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ പേരുകൾ മാത്രം ഉൾപ്പെട്ട കാർഡുടമകൾക്ക് റേഷൻ വാങ്ങാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | റേഷൻ കടയിൽ നേരിട്ടെത്തി റേഷൻ വാങ്ങാൻ കഴിയാത്തവർക്ക് വേണ്ടി പ്രോക്സി (അധികാരപ്പെടുത്തുന്ന ആൾ) സംവിധാനം കൊണ്ടുവരുന്നതാണ്. കാർഡുടമ നിയോഗിക്കുന്ന വ്യക്തിക്ക് ടിയാളുടെ ആധാർ ആതന്റിക്കേഷൻ വഴി റേഷൻ വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ